പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 431 07.01.2014 -ൽ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്ന് പെൻഷനായവർക്ക് പെൻഷൻ വിതരണം കൃത്യമായി നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (എ) | കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലും കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പ ലഭ്യമാകാത്തതിനാലും നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ വിതരണത്തിന് കാലതാമസം ഉണ്ടായി. എന്നാൽ സർക്കാർ നൽകിയ സാമ്പത്തിക സഹായം വിനിയോഗിച്ച് 19.12.2013-ൽ നവംബർ മാസത്തെ പെൻഷൻ വിതരണം ചെയ്തു. പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച ഫണ്ടിൽ നിന്നും 25 കോടി രൂപാ പെൻഷൻ വിതരണം ചെയ്യുന്നതിനായി വിനിയോഗിക്കുവാൻ ബഹു. ഹൈക്കോടതി അനുമതി നൽകുകയും ടി തുക ഉപയോഗിച്ച്, ഡിസംബർ മാസത്തെ പെൻഷൻ തുക 8500/- രൂപ വരെയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും 8500/- രൂപയിൽ കൂടുതൽ തുകയുള്ളവർക്ക് 8500/- ആയി നിജപ്പെടുത്തിയും പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പെൻഷനെ മാത്രം ആശ്രയിച്ച് കഴിയുമ്പോൾ ഇതിന് മുടക്കം വന്നാലുണ്ടാകുന്ന അവസ്ഥ പരിശോധിച്ചിട്ടുണ്ടോ ; | (ബി) | പരിശോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ ; | (സി) | നിലവിൽ പെൻഷൻ വിതരണം നടത്തുന്നതിന് 36 കോടി രൂപ ആവശ്യമാണ്. ഇതു കൂടാതെ മുൻകാലങ്ങളിൽ പെൻഷൻ നൽകുന്നതിന് എടുത്ത വായ്പയുടെ തിരിച്ചടവിനത്തിൽ പ്രതിമാസം 42 കോടി രൂപ വേണ്ടി വരുന്നുണ്ട്. നിലവിൽ, കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും പെൻഷൻ വിതരണം ചെയ്യാൻ നിർവാഹമില്ലാത്ത സ്ഥിതിയാണുള്ളത്. പെൻഷൻ തുക നിശ്ചിത തീയതിയിൽ വിതരണം ചെയ്യുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനായി എൽ.ഐ.സി പോലുള്ള ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തി വരികയാണ്. |
| (ഡി) | ഇവരുടെ പെൻഷൻ ബാധ്യത ഏറ്റെടുക്കുന്നതിന് ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | കെ.എസ്.ആർ.ടി.സിയുടെ പെൻഷൻ ബാധ്യത ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ